>> സംഭാഷണം-5

● എം.പി അബ്ദുർറഹ്മാൻ കുരിക്കൾ
● സ്വദ്റുദ്ദീൻ വാഴക്കാട്

# ഖാദിയാനിസം

**ആലത്തൂർ** മേൽമുറി പള്ളിയിൽ പഠിച്ചു കൊണ്ടിരിക്കെ അവിടെ അബ്ദുൽ കരീം മുസ്‌ലിയാർ എന്നൊരു വിദ്യാർഥിയുണ്ടായിരുന്നു. നല്ല വായനാശീലവും പ്രസംഗ പാടവവും ഉള്ള ആളായിരുന്നു. അക്കാലത്ത് മലയാളത്തിൽ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വളരെ കുറവായിരുന്നു. അബ്ദുൽകരീം മുസ്‌ലിയാർ കിട്ടുന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളുമെല്ലാം വായിക്കും. പുതിയ എന്തെങ്കിലും കിട്ടിയാൽ കൊണ്ടുവരണമെന്ന് എന്നോട് പറയാറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന് ഖാദിയാനികളെക്കുറിച്ച പുസ്തകങ്ങൾ കിട്ടി. 5-6 എണ്ണമുണ്ടാകും. *അന്നുബുവ്വത്തു ഫിൽ ഇസ്‌ലാം*, *ഇസ്‌ലാമിലെ മുജദ്ദിദ്*, *കെ.എം മൗലവിക്ക് മറുപടി*, *മോക്ഷത്തിന് അർഹർ ആര്* തുടങ്ങിയവയായിരുന്നു അവ. കരീം മുസ്‌ലിയാർ അവയെല്ലാം വായിക്കാൻ തുടങ്ങി. ഇതെങ്ങനെയോ ഉസ്താദിന്റെ അടുത്തെത്തി. കരീം മുസ്‌ലിയാർ ഖാദിയാനിയാകുന്നു എന്ന മട്ടിലായി പ്രചാരണം. വിദ്യാർഥികൾ സംഘടിച്ചു. കരീം മുസ്‌ലിയാരെ ദർസിൽനിന്നും പുറത്താക്കണമെന്നാവശ്യപ്പെട്ട് അവർ ഒപ്പുശേഖരണവും നടത്തി. എന്റെ അടുത്ത് വന്ന് ഒപ്പിടാൻ ആവശ്യപ്പെട്ടു. ഞാൻ വിസമ്മതിച്ചു. ''കരീം മുസ്‌ലിയാർ ഖാദിയാനിസം എന്താണെന്ന് പഠിക്കുകയാണ്, അദ്ദേഹം ഖാദിയാനിയല്ല. ഖാദിയാനീ പുസ്തകങ്ങൾ വായിച്ചതുകൊണ്ടു മാത്രം ഒരാൾ അതാകുമോ? നിങ്ങൾ പള്ളിദർസിൽ എന്തെല്ലാം കവിതകൾ പഠിക്കുന്നു, മദ്യത്തെയും സ്ത്രീ സൗന്ദര്യത്തെയും കുറിച്ച് വൃത്തികെട്ട കവിതകൾ വരെ. അതെല്ലാം പഠിക്കുന്നത് അങ്ങനെ ചെയ്യാനാണോ?"- ഞാൻ ചോദിച്ചു.

ഒപ്പിട്ടില്ലെങ്കിൽ നിന്റെ കല്യാണം ബഹിഷ്കരിക്കുമെന്നായി അവർ. നിങ്ങൾ ബഹഷ്കരിച്ചാലും പ്രശ്നമില്ലെന്ന് ഞാൻ. അങ്ങനെ കുറച്ചു പേർ കല്യാണത്തിന് വന്നില്ല. കരീം മുസ്‌ലിയാരെ പള്ളിദർസിൽനിന്ന് പുറത്താക്കി. അദ്ദേഹം ഉസ്താദിനോട്, ഖുർആനിലെ ഒരു ആയത്ത് ഓതി (മൂസാ നബിയോട് ഖിദ്ർ പറയുന്നത്). 'ഹാദാ ഫിറാഖു ബൈനീ വബൈനിക സഉനബ്ബിഉക മാലം തസ്തത്വിഅ് അലൈഹി സ്വബ്റാ' (*അൽകഹ്ഫ്*)- ഇതു പറഞ്ഞ് അദ്ദേഹം ഇറങ്ങിപ്പോയി. നല്ല ചിന്തയും ധീരതയും പ്രസംഗ ശേഷിയും ഉണ്ടായിരുന്നു അദ്ദേഹത്തിന്. ഒരിക്കൽ കോഴിക്കോട് ആർ.എസ്.എസ്സുകാരുടെ ഒരു യോഗം നടക്കുകയാണ്. ഇസ്‌ലാമിനെ കുറ്റപ്പെടുത്തിയുള്ള പ്രസംഗം. ഇസ്‌ലാമിന് ഒരു വളർച്ചയും ഉണ്ടായിട്ടില്ലെന്നും മററും പ്രസംഗകൻ പറയുന്നത് കേട്ട കരീം മുസ്‌ലിയാർ അവിടേക്ക് കയറിച്ചെന്നു. എന്നിട്ട് മറുപടി പ്രസംഗം നടത്തി. "മുഹമ്മദ് നബി ഒറ്റക്കാണ് പ്രബോധനകനായി വന്നത്. വേറെ ഒരു മുസ്‌ലിമും ഉണ്ടായിരുന്നില്ല. പിന്നെ അറേബ്യയും ഇറാനും ഉൾപ്പെടെ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ ഇസ്‌ലാം പ്രചരിച്ചല്ലേ. ഇസ്‌ലാംമതം വളർന്നില്ലേ. പിന്നെ ഇസ്‌ലാം വളർന്നില്ലെന്ന് എന്തടിസ്ഥാനത്തിലാണ് നിങ്ങൾ

**'ആയത്തിന് അന്ത്യപ്രവാചകൻ എന്നുതന്നെയാണ് സനൂസിയും അർഥം കൊടുത്തിട്ടുള്ളത്. അതുകൊണ്ട് ഖാതമുന്നബിയ്യീൻ എന്നാൽ അന്ത്യപ്രവാചകൻ എന്നുതന്നെയല്ലേ അർഥം?' ഞാൻ ചോദിച്ചു.**

**അവർക്ക് ശരിയായ മറുപടിയുണ്ടായിരുന്നില്ല.**

പറയുന്നത്?" കരീം മുസ്‌ലിയാർ ചോദിച്ചു. അത്രക്ക് ധൈര്യശാലിയായിരുന്നു.

അദ്ദേഹം പള്ളിദർസിൽനിന്ന് പോകുമ്പോൾ, ഖാദിയാനി പുസ്തകങ്ങൾ എല്ലാം എനിക്കുതന്നു. ഞാനത് സൂക്ഷിച്ചുവെച്ചു, വായിച്ചു. ഒരിക്കൽ ഈ പുസ്തകങ്ങൾ കെ.കെ അലി മാസ്റ്റർ കണ്ടു. അദ്ദേഹവുമായി ഞാൻ ഖാദിയാനിസത്തെക്കുറിച്ച് ചർച്ച ചെയ്തു. അവരുടെ ചില വാദങ്ങളൊക്കെ പറഞ്ഞു. അദ്ദേഹം കരുതി ഞാൻ ഖാദിയാനിയാവാനുള്ള ഒരുക്കമാണെന്ന്. അദ്ദേഹം ഉടനെ ഹാജി സാഹിബിന് കത്തെഴുതി. ഹാജി സാഹിബ് എന്നോട് വിഷയം അന്വേഷിച്ചു. പുസ്തകം കരീം മുസ്‌ലിയാർ തന്നതാണെന്നും ഖാദിയാനിസത്തെക്കുറിച്ച് പഠിക്കുകയാണെന്നും അദ്ദേഹത്തോട് പറഞ്ഞു.

ആ പുസ്തകങ്ങളിൽനിന്നാണ് ഖാദിയാനിവാദങ്ങൾ ആദ്യമായി മനസ്സിലാക്കിയത്. പിന്നീട് പല പുസ്തകങ്ങളും ലേഖനങ്ങളുമൊക്കെ വായിച്ചു. *സത്യദൂതൻ* മാസികയും എനിക്ക് വരാറുണ്ടായിരുന്നു. ഖാദിയാനികളോട് സംഭാഷണം നടത്താനും ചില യോഗങ്ങളിൽ ഖാദിയാനിസത്തെക്കുറിച്ച് പ്രസംഗിക്കാനുമൊക്കെ ഇതുവഴി സാധിച്ചിട്ടുണ്ട്. പട്ടാമ്പിക്കടുത്ത ഒരു സ്ഥലത്ത് പ്രസ്ഥാനപ്രവർത്തകരുടെ മേൽനോട്ടത്തിൽ സ്ഥാപിക്കപ്പെട്ട ഒരു പള്ളിയുണ്ടായിരുന്നു. പള്ളിയുടെ പ്രധാനപ്പെട്ട ഒരു സഹകാരി, കുഞ്ഞഹമ്മദ് ഹാജി ഖാദിയാനിയായി. ഏതാനും ജുമുഅ ഖുത്ബകൾ ഇതുസംബന്ധമായി നടത്തണമെന്ന് അവർ തീരുമാനിച്ചു. ഒരു യോഗത്തിൽ വെച്ച് കെ.എൻ അബ്ദുല്ല മൗലവി എന്റെ പേര് നിർദേശിച്ചു. അങ്ങനെ മൂന്നുമാസത്തോളം അവിടെ ഖുത്ബ നടത്തി. ഒരു ദിവസം ഖാദിയാനികൾ സംസാരിക്കാൻ വന്നു. 'അടുത്ത വെള്ളിയാഴ്ച താങ്കളുടെ വീട്ടിൽ വെച്ച് ജുമുഅക്ക് ശേഷം സംസാരിക്കാമെന്ന്' കുഞ്ഞഹമ്മദ് ഹാജിയോട് പറഞ്ഞു. തദടിസ്ഥാനത്തിൽ വീട്ടിൽ ചെന്നു. ഞാൻ ഒറ്റക്ക്. അവർ മുൻകൂട്ടി ആസൂത്രണം ചെയ്ത് കുറേ നേതാക്കന്മാരെ കൊണ്ടുവന്നിരുന്നു. സംസാരം ആരംഭിച്ചു. എന്നോട് തുടങ്ങാൻ ആവശ്യപ്പെട്ടു. ഞാൻ സംസാരം തുടങ്ങി: 'മൗലാനാ മൗദൂദിയുടെ ഖാദിയാനീ മസ്അല എന്നൊരു പുസ്തകമുണ്ട്'- ഇതു പറഞ്ഞ ഉടൻ അവർ ഇടപെട്ടു: 'മൗദൂദിയുടെ പുസ്തകത്തെക്കുറിച്ച് പറയേണ്ട.' 'മൗദൂദിയുടെ പുസ്തക

**മുസ്‌ലിം സംഘടനകൾ ഒറ്റക്കെട്ടായി പ്രവർത്തിച്ചതും മഹല്ല് കമ്മിറ്റിയുടെ പ്രചാരണ പ്രവർത്തനങ്ങളുമെല്ലാമാണ് മർകസുൽ ബിശാറയുടെ കുതന്ത്രങ്ങൾ മഞ്ചേരിയിൽ വിജയിക്കാതിരിക്കാൻ കാരണം.**

ത്തെക്കുറിച്ചല്ല, ആ പുസ്തകത്തിന് ഖാദിയാനി പണ്ഡിതർ ഒരു മറുപടി എഴുതിയിട്ടുണ്ട്. 'ഖാദിയാനീ മസ്അല കാ ജവാബ്'- അതാണ് എന്റെ കൈയിലുള്ള ഈ പുസ്തകം. അതിൽ പറഞ്ഞ ചില കാര്യങ്ങളെക്കുറിച്ച് പറയാം'- എന്നു പറഞ്ഞ് വിഷയത്തിലേക്ക് കടന്നു.

മുഹമ്മദ് നബി അന്ത്യപ്രവാചകനാണെന്ന് ഖുർആൻ പറയുന്നുണ്ട്. (*അൽഅഹ്സാബ്* 40). അവിടെ ഉപയോഗിച്ച വാക്ക്, 'റസൂലല്ലാഹി വ ഖാതമന്നബിയ്യീൻ' എന്നാണ്. 'ഖാതം' എന്നാൽ അവസാനത്തേത് എന്നാണ്. പക്ഷേ, ഖാദിയാനികൾ പറയുന്നത് ഖാതമിന്റെ അർഥം 'സീൽ' എന്നാണ്. അവരുടെ മറുപടി പുസ്തകത്തിൽ ഈ വാദം തെളിയിക്കാൻ വേണ്ടി തഫ്സീർ സനൂസിയിൽ നിന്നുള്ള ഒരു ഉദ്ധരണി ചേർത്തിരുന്നു. ഖാതമിനെക്കുറിച്ച് വിശദീകരിക്കുന്ന ഭാഗം മുഴുവൻ ചേർത്തതുകൊണ്ട്, അവരുടെ വാദത്തിനുള്ള മറുപടിയും അതിൽതന്നെ ഉണ്ടായിരുന്നു. സനൂസി പറഞ്ഞത്, 'ഖാതം' എന്ന വാക്കിന് 'സീൽ' എന്ന അർഥമുണ്ട്. ഒരു കത്തിലോ മറ്റോ സീൽ ചെയ്യുന്നത് ഏറ്റവും അവസാനമായിരിക്കും. അതുകൊണ്ട്, *ഖാതം* 'അവസാനം' എന്ന അർഥത്തിലും ഉപയോഗിക്കും". ഈ ആയത്തിന് അന്ത്യപ്രവാചകൻ എന്നുതന്നെയാണ് സനൂസിയും അർഥം കൊടുത്തിട്ടുള്ളത്. അതുകൊണ്ട് ഖാതമുന്നബിയ്യീൻ എന്നാൽ അന്ത്യപ്രവാചകൻ എന്നുതന്നെയല്ലേ അർഥം?' ഞാൻ ചോദിച്ചു.

അവർക്ക് ശരിയായ മറുപടിയുണ്ടായിരുന്നില്ല. അസ്ർ ബാങ്ക് കൊടുക്കുന്നതുവരെ സംഭാഷണം തുടർന്നു. അസ്റിനു ശേഷം പള്ളിയിൽ വിഷയത്തെക്കുറിച്ച് പ്രസംഗിച്ചു. ഖാദിയാനികളും കേൾക്കാനുണ്ടായിരുന്നു. ബോംബെയിൽ കച്ചവടാവശ്യത്തിനു പോയപ്പോൾ അവിടത്തെ ഖാദിയാനി ഓഫീസിൽ വെച്ച് അവരോട് സംസാരിച്ചിരുന്നു. മഞ്ചേരിയിൽ ഖാദിയാനികൾ വന്നപ്പോൾ അവർക്ക് ലഘുലേഖ കൊടുത്തു. പക്ഷേ, അതിലുന്നയിച്ച വിഷയത്തിനുള്ള മറുപടി തരാൻ അവർക്ക് കഴിഞ്ഞില്ല. 'ഹാദി' പ്രസിദ്ധീകരിച്ച 'നിഴൽ നബി' എന്ന ലഘുകൃതിയിൽ ഖാദിയാനി വാദങ്ങളുടെ പൊള്ളത്തരങ്ങൾ വിവരിച്ചിട്ടുണ്ട്.

### മർകസുൽ ബിശാറയുടെ കുതന്ത്രങ്ങൾ

മഞ്ചേരിയിൽ 'മർകസുൽ ബിശാറ' എന്ന പേരിൽ ക്രൈസ്തവ മിഷനറി സംഘം പ്രവർത്തിച്ചിരുന്നതായി മുമ്പ് സൂചിപ്പിച്ചിരുന്നു. മറ്റു പല സ്ഥലങ്ങളിലും നടക്കുന്ന ശൈലിയിൽനിന്ന് വ്യത്യസ്തമായിരുന്നു മുസ്‌ലിം കേന്ദ്രമായ മഞ്ചേരിയിൽ ബിശാറയുടെ പ്രവർത്തനങ്ങൾ. മുസ്‌ലിം പേരുകളും ചിഹ്നങ്ങളും ഖുർആൻ ആയത്തുകളുമൊക്കെ ഉപയോഗിച്ച് മുസ്‌ലിംകളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലായിരുന്നു ബിശാറയുടെ പ്രചാരണം.

ഒരു അറബി-ക്രിസ്ത്യൻ പണ്ഡിതൻ കേരളത്തിൽ പല സ്ഥലങ്ങളിലും മതപ്രസംഗം നടത്തുന്നുണ്ടെന്ന് ഒരിക്കൽ പരസ്യം കണ്ടു. മലപ്പുറത്ത് നടക്കുന്ന പ്രസംഗം കേൾക്കാൻ ഞാനും പോയി. താടിയും നീളക്കുപ്പായവും, തലക്കുമീതെ രണ്ടു ഭാഗങ്ങളിലായി തൂക്കിയിട്ട വെള്ള ഷാളുമാണ് വേഷം. കണ്ടാൽ നല്ലൊരു മുസ്‌ലിയാർ. അദ്ദേഹം എഴുന്നേറ്റുനിന്ന് 'മാന്യ സഹോദരന്മാരേ അസ്സലാമുഅലൈക്കും'എന്നു പറഞ്ഞു. പിന്നീട് സൂറത്തുൽ ഇഖ്‌ലാസ് ഓതി ഉദ്ഘാടനം ചെയ്തു. മറ്റൊരാൾ പ്രസംഗിച്ചു.. ഖുർആനിൽ പറയുന്ന അല്ലാഹുവും ക്രിസ്ത്യാനികളുടെ യേശുവും ഒരാളാണ് എന്ന് സമർഥിക്കാനാണ് പ്രസംഗത്തിലുടനീളം ശ്രമിച്ചത്. അല്ലാഹുവിനെ പറ്റി ഖുർആനിലും, യേശുവിനെപ്പറ്റി ബൈബിളിലും പറഞ്ഞ വാക്യങ്ങൾ ഉദ്ധരിച്ചു. മർകസുൽ ബിശാറയുടെ തലവനായിരുന്ന ഫാദർ അലവിയായിരുന്നു ഉദ്ഘാടകൻ. വയനാട് മീനങ്ങാടി ലൂഥർ പള്ളിയിലെ പാസ്റ്ററായിരുന്നു അലവി. മുസ്‌ലിംകളുടെ ഇടയിൽ മാത്രം പ്രവർത്തിക്കുന്ന ക്രിസ്ത്യൻ സുവിശേഷ ഗ്രൂപ്പ് കേരളത്തിലില്ലെന്നു

മനസ്സിലാക്കിയ അലവി, അതിനു വേണ്ടി ഒരു വേദിയുണ്ടാക്കുകയായിരുന്നു. സുവിശേഷ സംഘടനയായ ജർമനയിലെ ഇവാഞ്ചലിക്കൽ കാർമേൽ മിഷനുമായി ബന്ധപ്പെട്ടാണ് പ്രവർത്തനം ആരംഭിച്ചത്. അനേകം ഭൂസ്വത്തും വാഹനങ്ങളും ലക്ഷങ്ങളുടെ ബാങ്ക് ഡെപ്പോസിറ്റും അലവിക്ക് അതിലൂടെ കൈവന്നു. വിദേശത്തുനിന്ന് ധാരാളം പണം വന്നു. ഇന്ത്യാ ഗവൺമെന്റിന്റെ ലിസ്റ്റിൽ ഒരു 'മുസ്‌ലിം സ്ഥാപന'മാണ് ക്രിസ്ത്യൻ കേന്ദ്രമായ മർകസുൽ ബിശാറ. വിദേശ സഹായം ലഭിക്കുന്ന മുസ്‌ലിം സ്ഥാപനങ്ങളുടെ ലിസ്റ്റ് ഇന്ത്യാ ഗവൺമെന്റ് പ്രസിദ്ധീകരിച്ചിരുന്നു. അതിൽ മർകസുൽ ബിശാറയും ഉണ്ടായിരുന്നു. പാർലമെന്റിൽ 28-4-82-നു ഉന്നയിച്ച ചോദ്യങ്ങളിൽ 9901 നമ്പർ ചോദ്യത്തിനും 25-8-82നു വന്ന 5060 നമ്പർ ചോദ്യത്തിനും നൽകപ്പെട്ട ഉത്തരങ്ങളിൽ മർകസുൽ ബിശാറ ഒരു മുസ്‌ലിം സ്ഥാപനമാണെന്നാണ് പറഞ്ഞിരുന്നത് (*മുസ്‌ലിം ഇന്ത്യ* ജൂലൈ, ഒക്ടോബർ 1982).

കേരളത്തിൽ പൊതുവെ അറബി ഭാഷ പഠിക്കുന്നതും അറബി പേരുകൾ ഉപയോഗിക്കുന്നതും മുസ്‌ലിംകളാണ്. അറബി ഭാഷക്ക് ഒരു പ്രത്യേക സ്ഥാനം മുസ്‌ലിംകൾ കൽപിക്കുന്നുണ്ട്. അപ്പോൾ അറബി പേര് ഉപയോഗിച്ച് ക്രിസ്ത്യൻ സ്ഥാപനം പ്രവർത്തിക്കുന്നത് മുസ്‌ലിംകളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ്. 'മർകസുൽ ബിശാറ', 'നൂറുൽ ആലം' തുടങ്ങിയ സ്ഥാപനങ്ങളും, അബ്ദുർറഹ്മാൻ, അലവി, ശംസുദ്ദീൻ, അബ്ദുൽ കരീം, ജമീല, ഫാതിമ തുടങ്ങിയ പേരുള്ള ക്രിസ്ത്യാനികളും ഈ തന്ത്രത്തിന്റെ ഭാഗമാണ്. ബിശാറയുടെ നെയിംബോർഡിൽ 'ലാഇലാഹ ഇല്ലല്ലാഹ്' എന്നും എഴുതിവെച്ചിരുന്നു. മുസ്‌ലിംകളെ കാണുമ്പോൾ അസ്സലാമു അലൈക്കും എന്നു പറയും. താടിയും തലപ്പാവും വെള്ളത്തൊപ്പിയും പൈജാമയും ധരിച്ച ഒരു ഉർദുകാരൻ ഒരിക്കൽ മഞ്ചേരിയിൽ വന്നു. കണ്ടാൽ ഒരു 'തബ്‌ലീഗ് ജമാഅത്ത് പ്രവർത്തകൻ' എന്നു തോന്നും. അന്തർദേശീയ ക്രിസ്ത്യൻ പ്രചാരണ സംഘത്തിലെ ഒരു അംഗമായിരുന്ന അദ്ദേഹം.

മുസ്‌ലിംകളാണെന്ന് തെറ്റിദ്ധരിപ്പിച്ച് പല മുസ്‌ലിം പെൺകുട്ടികളെയും മിഷണറി പ്രവർത്തകർ വിവാഹം കഴിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള ഒരു പെൺകുട്ടിയുടെ പിതാവിനെ കണ്ട് വിവരം അന്വേഷിച്ചപ്പോൾ അദ്ദേഹം ദുഃഖത്തോടെ പറഞ്ഞു: 'മുസ്‌ലിംകളിൽ പെട്ടവരാണെന്ന് കരുതി, മകളെ കെട്ടിച്ചു. കുട്ടികളുമായി. ഇനി എന്തു ചെയ്യും?' പാവപ്പെട്ട ഒരു തൊഴിലാളിയായിരുന്നു ആ പിതാവ്. അറബി പുസ്തകങ്ങൾ, കാസറ്റുകൾ, സ്റ്റിക്കറുകൾ തുടങ്ങിയവ അറബ് നാടുകളിലെ മിഷണറി പ്രവർത്തകരിൽനിന്ന് ബിശാറക്ക് ലഭിച്ചിരുന്നു. അറബികളെ സ്വീകരിക്കാൻ ബോംബെയിൽ ഇവർക്ക് പ്രത്യേകം ഓഫീസും ഉണ്ടായിരുന്നു. അവിടെ ഞാൻ പോയിട്ടുണ്ട്.

പുസ്തക പ്രചാരണങ്ങളിലൂടെ മാത്രമല്ല, വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും ക്രിസ്തുമതം പ്രചരിപ്പിക്കാൻ ഇവർ ശ്രമിക്കുകയുണ്ടായി. നഴ്സറി തലം മുതലുള്ള മിഷനറി നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാനെത്തുന്ന മുസ്‌ലിം വിദ്യാർഥി ക്രിസ്ത്യാനിയായില്ലെങ്കിലും മാനസികമായി ഇസ്‌ലാമിൽനിന്ന് അകന്നവനായിരിക്കും.

മുസ്‌ലിം സംഘടനകൾ ഒറ്റക്കെട്ടായി പ്രവർത്തിച്ചതും മഹല്ല് കമ്മിറ്റിയുടെ പ്രചാരണ പ്രവർത്തനങ്ങളുമെല്ലാമാണ് മർകസുൽ ബിശാറയുടെ കുതന്ത്രങ്ങൾ മഞ്ചേരിയിൽ വിജയിക്കാതിരിക്കാൻ കാരണം. കുറച്ചു കാലത്തിനു ശേഷം ബിശാറയുടെ പ്രവർത്തനങ്ങൾ നിലക്കുകയും പലതരം ആരോപണങ്ങൾ ഉയർന്നപ്പോൾ ഫാദർ അലവി സ്ഥലം വിടുകയുമാണുണ്ടായത്. പിന്നീട് പല വിഭാഗങ്ങളായി അവർ പിരിഞ്ഞു. ഇപ്പോൾ 'മർകസുൽ ബിശാറ'യുടെ കെട്ടിടത്തിൽ 'മുസ്‌ലിം ചർച്ച്' എന്ന് പേര് വെച്ചിട്ടുണ്ട്.

(തുടരും)

sadarvzkd@yahoo.co.in